Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

ആനമറിവരെയുള്ള 5 കി.മീ. നീളം Crash Guard Rope Fencing നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വനം വകുപ്പിന് പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചു. ഇതിനുപുറമേ 3-8-2019-ൽ മൂത്തേടം ഗ്രാമപഞ്ചായത്തിൽ വന്യമൃഗശല്യം കൂടുതലുള്ള 1,2,3,4,5,6,7,8,9 വാർഡുകളിലെ വനാതിർത്തികളിൽ ഇടുക്കി ജില്ലയിലെ മാങ്കുളം മോഡൽ Crash Guard Rope Fencing സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മറ്റൊരു കത്തും ലഭിക്കുകയുണ്ടായി. ടി പദ്ധതിക്കാവശ്യമായ ഫണ്ട് ഇതുവരെയും ലഭ്യമായിട്ടില്ല. എന്നിരുന്നാലും അടങ്കൽ തയ്യാറാക്കി അംഗീകാരത്തിനായി നിലമ്പൂർ നോർത്ത് ഡിവിഷനിൽനിന്നും 22-6-2021-ന് പാലക്കാട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയിട്ടുണ്ട്. ഫെൻസ് നിർമ്മിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള അടങ്കൽ തുക 4.785 കോടി രൂപയാണ്. ഫെൻസ് പ്രൊപ്പോസ് ചെയ്തിട്ടുള്ള വഴിക്കടവ് പഞ്ചായത്തിലെ ആനമറി മുതൽ തമ്പാൻപൊട്ടിവരെയുള്ള 5 കിലോമീറ്റർ ദൂരം മുഴുവനായി ഫെൻസ് ചെയ്താൽ മാത്രമേ ഇതുകൊണ്ടുള്ള പൂർണ്ണ ഉപയോഗം ലഭിക്കുകയുള്ളുയെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നിർവ്വഹിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; ടി പദ്ധതി വനംവകുപ്പ് ഉപേക്ഷിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ ടി പദ്ധതി നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. ടി പദ്ധതി ഉപേക്ഷിച്ചിട്ടില്ല.

മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ശല്യം

151(2187) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവിശല്യംമൂലം വ്യാപകമായി കൃഷിനാശം സംഭവിച്ച മണ്ണാർക്കാട് മണ്ഡലത്തിലെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാന, കാട്ടുപന്നി എന്നിവയുടെ ആക്രമണംമൂലം തെങ്ങ്, വാഴ, കവുങ്ങ്, റബ്ബർ മുതലായ കൃഷികൾക്കാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളത്. കഴിഞ്ഞ 3 വർഷം മണ്ണാർക്കാട് മണ്ഡലത്തിലെ വന്യജീവി ആക്രമണത്തിൽ നാശം സംഭവിച്ചതിന് ലഭിച്ച അപേക്ഷയുടെ കണക്കും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	2018-19		2019-20		2020-21	
	അപേക്ഷകൾ	അനുവദിച്ച തുക	അപേക്ഷകൾ	അനുവദിച്ച തുക	അപേക്ഷകൾ	അനുവദിച്ച തുക
മണ്ണാർക്കാട്	13	1.95	24	0.43	32	-
അഗളി	94	10.06	99	6.62	54	-
അലനല്ലൂർ	43	5.42	42	3.48	14	0.09
കോട്ടോപ്പാടം	82	11.15	108	6.69	188	0.29
കുമരംപുത്തൂർ	2	-	1	-	6	-
തെൻകര	-	-	-	-	-	-
പുഡൂർ	45	6.78	34	1.79	34	-
ഷോളയൂർ	30	3.51	343.97	3.97	45	-
ആകെ	309	38.84	342	22.98	363	0.38

(ബി) കഴിഞ്ഞ 5 വർഷം കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പ് നൽകിയ നഷ്ടപരിഹാരത്തുകയുടെ കണക്ക് ലഭ്യമാക്കുമോ?

കൃഷി നാശം സംഭവിച്ചതിന് കഴിഞ്ഞ 5 വർഷത്തിൽ മണ്ണാർക്കാട് ഡിവിഷനിൽ 1030 അപേക്ഷകൾ ലഭിക്കുകയും ആയതിൽ 121.04 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)
1	2016-17	26.19
2	2017-18	8.32
3	2018-19	38.74
4	2019-20	14.19
5	2020-21	33.60
	ആകെ	121.04

(സി) ഈ മേഖലയിൽ വന്യമൃഗങ്ങൾമൂലം കൃഷിനാശം ഒഴിവാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ 67.45 കി.മീ. സൗരോർജ്ജവേലി, 7.44 കി.മീ. ആനപ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിൽ ഇറങ്ങുന്ന ആനകളെ തിരികെ വനത്തിലേയ്ക്ക് അയയ്ക്കുന്നതിന് മണ്ണാർക്കാട് റേഞ്ചിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീമും, അഗളി റേഞ്ചിൽ ഒരു താത്കാലിക എലിഫന്റ് കുങ്കി സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. ഇവരെ സഹായിക്കുന്നതിന് 17 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്.

ഇരിക്കൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

152(2188) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അമേരിക്കൻപാറ, മണിപ്പാറ എന്നീ പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലം നിരവധി കർഷകർക്ക് വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ അമേരിക്കൻപാറ, മണിപ്പാറ എന്നീ പ്രദേശങ്ങളിൽ വന്യജീവി ആക്രമണംമൂലം 5 ആടുകൾക്ക് മരണം സംഭവിച്ചതായും ഒരു ആടിന് പരിക്കുപറ്റിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly